ഉത്തരം

ഇക്കാര്യം സജീവ പരിഗണനയിലാണ്.

കെയർ സംഘടനയിലെ ജീവനക്കാർ

969. [1416] ശ്രീ. എൻ. ശക്തൻ നാടാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 'കെയർ' സംഘടനയിൽ കേരളത്തിൽ ഇപ്പോൾ എത്ര പേരാണ് ജോലി ചെയ്യുന്നത് ;

(ബി) കെയറിന്റെ പ്രവർത്തനങ്ങൾ നിറുത്തുമ്പോൾ അതിലെ ജീവനക്കാരെ സംസ്ഥാന ഗവൺമെന്റ് ഏറ്റെടുക്കണം എന്ന നിവേദനം ഗവൺമെന്റിനു കിട്ടിയിട്ടുണ്ടോ ;

(സി) ഇവരെ സർക്കാർ സർവീസിൽ നിയമിക്കുമോ ?

ഉത്തരം

(എ) കെയറിൽ ഇപ്പോൾ 26 പേർ ജോലി ചെയ്യുന്നുണ്ട്.

(ബി) ഉണ്ട്.

(സി) സംസ്ഥാന സർവ്വീസിലേക്കുള്ള നിയമനം പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന ആയതിനാൽ കെയർ സംഘടനയുടെ കീഴിലുള്ള ജീവനക്കാരെ സംസ്ഥാന സർവ്വീസിലേക്ക് എടുക്കുവാൻ പ്രയാസമാണ്.

തിരുവനന്തപുരം ഡേ കെയർ സെന്റർ പ്രിൻസിപ്പലിന്റെ പേരിലുള്ള പരാതി

970. [1417] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരത്തെ ഡേ കെയർ സെന്ററിന്റെയും ബാലവാടിയുടെയും ചാർജ് വഹിക്കുന്ന പ്രിൻസിപ്പലിന്റെ പേരിൽ എന്തെങ്കിലും പരാതികൾ ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ എന്തു നടപടി സ്വീകരിച്ചു ?

ഉത്തരം

(എ) ലഭിച്ചതായി കാണുന്നില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

ശിശുക്ഷേമ സമിതിയിൽ രൂപീകരിച്ച പുതിയ സംഘടന

971. [1418] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശിശുക്ഷേമ സമിതിയിൽ എസ് ഒ എസ് ചിൽഡ്രൻസ് വെൽഫയർ എന്ന പേരിൽ ഒരു സംഘടന രൂപീകരിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അത് നിയമ വിധേയമായിട്ടുണ്ടോ ;

(സി) ശിശുക്ഷേമ സമിതിയുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly